കലോത്സവത്തിൽ രചനാമത്സരങ്ങളിൽ പങ്കെടുത്ത കുട്ടികൾ മനോരമയ്ക്കായി എഴുതിയ കുറുങ്കവിതകൾ

അമ്മ

തേനിനും മാധുര്യം പൂവിനും നറുമണം
നിൻ സ്നേഹമെന്നും കടലല പോൽ
എൻ മനസ്സിൽ പടിവാതിലിൽ ഏഴു തിരി വിളക്കുമായി
പാപം ക്ഷമിക്കും സ്നേഹം പകരുമെന്നമ്മ,
എന്നോടൊപ്പം എന്നുമുണ്ടെന്നമ്മ

ആര്യ സാബു
എൻഎസ് എച്ച്എസ്എസ് നെടുമുടി, ആലപ്പുഴ.

യാത്രയ്ക്കൊരുങ്ങുന്നു

വീണ്ടുമൊരു കവിതയെ പുണരുവാനായി
ആർത്തിയോടെ സപ്തഭാഷ തൻ സംഗമ ഭൂമിയിൽ
ഇനിയുമൊരുതാളിനെ ചുംബിക്കുവാനാകുമോ തൂലികേ
നാമാകാം നാളെയുടെ വെമുലയും ഫാത്തിമയും
എങ്കിലും കിനാവിൻ കരളും പകുത്തു ഞാൻ
നീയുമായ് കലാഘോഷ വേദിതൻ കിഴക്കുദിക്കുവാൻ
സ്വപ്നസാഗരത്തീരത്തു നിന്നൊരു യാത്രയ്ക്കൊരുങ്ങുന്നൂ...

ആർ. ആദിത്യ രാജേഷ്
സിപിഎച്ച്എസ്എസ് കുറ്റിക്കാട്, കൊല്ലം.

മധുകണങ്ങൾ

കല മൊട്ടിടും ഈ വനിയിൽ
കഴിവേകിയ പുഷ്പവുമായി
വിജയം തേടും പന്തയമിത്
കായ്ക്കുന്ന തോൽവിയിൽ പൂക്കുന്ന വിജയങ്ങൾ
വിജയത്തിൻ ചില്ലയിൽ മുളപൊട്ടും തോൽവികൾ
കൊഴിയുന്ന തോൽവിക്കു പകരമായ്, വിജയത്തളിരിലകൾ
തോൽവികൾ നുണയുക, അവ നാളെയുടെ മധുകണങ്ങൾ

പി.ബി. സിദ്ധാർഥ്
എംആർഎസ് എച്ച്എസ്എച്ച് വടശ്ശേരിക്കര, പത്തനംതിട്ട.

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം സംഘനൃത്തത്തിൽ എ ഗ്രേഡ് നേടിയ കുഞ്ഞിമംഗലം ജിഎച്ച്എസ് സംഘം.

ഹയർസെക്കൻഡറി വിഭാഗം സംഘനൃത്തത്തിൽ എ ഗ്രേഡ് നേടിയ കാസർകോട് ദുർഗ എച്ച്എസ്എസിലെ അൻവയ അശോകും സംഘവും.

D4 ഡാൻസ്!

534 അപ്പീൽ
(ഇന്നലെ രാത്രി 8 മണി വരെ)

ലോകായുക്ത വഴി - **271**
മുൻസിഫ് കോടതി വഴി - **23**
വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ വഴി - **240**

അപ്പീൽ വഴി സർക്കാരിനു ലഭിച്ച തുക -
26.7 ലക്ഷം രൂപ

മലയാള മനോരമ
കസറ്... സാ
ഇത് കലയുടെ കാസർകോടാ!
കേരള സ്കൂൾ കലോത്സവം
നവംബർ 28 - ഡിസംബർ 1

ശ്രീലേഖ

20 സിനിമാ താരങ്ങളുടെ ശബ്ദം അനുകരിച്ച് മിമിക്രി വേദിയിൽ കയ്യടി നേടിയ ശ്രീലേഖ ജോണിക്ക് നടൻ സലിംകുമാറിന്റെ അഭിനന്ദനം

ശ്രീലേഖയോട് സലിംകുമാർ; എന്നെ ഒഴിവാക്കിയല്ലേ...?

ഫോൺ ഇൻ

സലിംകുമാർ

സലിംകുമാർ : ഹലോ... ശ്രീലേഖ അല്ലേ, മിമിക്രിയിൽ എ ഗ്രേഡ് കിട്ടിയെന്നറിഞ്ഞു. സന്തോഷം. 20 താരങ്ങളെ അനുകരിച്ചിട്ടും എന്നെ ഒഴിവാക്കിയതെന്താണ്?

ശ്രീലേഖ: സാറിന്റെ സൗണ്ട് അനുകരിക്കാൻ ശ്രമം നടത്തുന്നുണ്ട്. അടുത്ത മിമിക്രി വേദിയിൽ ഉറപ്പായും സാറിന്റെ സൗണ്ടായിരിക്കും ആദ്യ ഐറ്റം.

സലിംകുമാർ: ആഹാ, ചുമ്മാ ചോദിച്ചതാണ്. മോൾക്ക് ആരാകാനാണ് ആഗ്രഹം?

ശ്രീലേഖ: ഫിലിം ഇൻഡസ്ട്രിയിൽ എന്തെങ്കിലുമൊക്കെ ആകണം.

സലിംകമാർ: എന്തെങ്കിലും അല്ല, ഒരാളാകണം. ആരെങ്കിലും ഒരാളല്ലേ ആകാൻ പറ്റൂ. സംവിധായിക ആകണോ, പ്രൊഡ്യൂസർ ആകണോ, നടി ആകണോ, കഥാകൃത്ത് ആകണോ?
ശ്രീലേഖ: നടി ആകണം.

സലിംകുമാർ: നടി ആയാലും സംവിധായിക ആയാലും ആദ്യം ഒരു മാസ്റ്റർ ഡിഗ്രി കയ്യിൽ വേണം. എന്നിട്ടേ മറ്റുള്ളതിന്റെ പിറകെ പോകാവൂ. അപ്പൊ നന്നായി വരട്ടെ. മോള് പ്രാർഥിക്കണം. ഞാനും പ്രാർഥിക്കാം.

മൂവാറ്റുപുഴ സെന്റ് അഗസ്റ്റ്യൻ ജിഎച്ച്എസ്എസ്. പ്ലസ്ടു വിദ്യാർഥിനിയാണു ശ്രീലേഖ. മൂവാറ്റുപുഴ കാലാംമ്പൂർ കുന്നുംപുറത്ത് കെ.വി. ജോണിയുടെയും ജയശ്രീയുടെയും മകളാണ്.

നാണം തുളുമ്പി ഫാത്തിമ; നാവാണ് ഫൗസിയ

കേൾവിശേഷി ദൗർബല്യമുള്ള ഫാത്തിമ ഒപ്പനയിൽ മണവാട്ടി

ഫാത്തിമ

കാഞ്ഞങ്ങാട് ● ഒപ്പനശീലുകൾക്കൊപ്പം ലയിച്ച് തലയാട്ടുന്നുണ്ടെങ്കിലും അതിലൊരീണം പോലും ഫാത്തിമയുടെ കാതോരത്തെത്തില്ല. വേദിയുടെ ആരവമോ ബഹളമോ അറിയാതെയാണ് കൊല്ലം പരവൂർ എച്ച്എസ്എസിന്റ മണവാട്ടിക്കുട്ടി ഒപ്പന വേദിയിൽ കയറിയത്. ഹിയറിങ് എയ്ഡ് ഉണ്ടെങ്കിലും മൽസര നിബന്ധനകൾ പ്രകാരം അത് ഉപയോഗിക്കാൻ കഴിയാഞ്ഞതോടെ ഫാത്തിമയുടെ നാവും ചെവിയുമായത് ഉമ്മ ഫൗസിയയും കൂട്ടുകാരികളും ടീച്ചറും. ജന്മനാ സംസാരശേഷിയും കേൾവിശക്തിയുമില്ലാത്ത ഫാത്തിമയുടെ ഉപ്പ അനസിന്റെയും ശബ്ദം ഫൗസിയ തന്നെ. മകളുടെ പ്രത്യേകത അറിഞ്ഞതു മുതൽ അവൾക്കായി മാറ്റി വച്ചതാണ് ഫൗസിയയുടെ ജീവിതം. അങ്ങനെ പഠിച്ചെടുത്ത സ്പീച്ച് തെറാപ്പിയിലൂടെയാണ് വാക്കുകൾ ഫൗസിയ മനസിലാക്കാൻ തുടങ്ങിയത്. 4 വർഷം മുൻപ് കോക്ലിയർ ഇംപ്ലാന്റ് സർജറി ചെയ്തു. കഴിഞ്ഞ വർഷവും ഫാത്തിമയായിരുന്നു സ്കൂളിന്റെ മണവാട്ടി. ഡാൻസ് പഠിപ്പിക്കുമ്പോൾ ഫൗസിയയും ഉണ്ടാകും ഒപ്പം. ചുണ്ടനക്കങ്ങളിലൂടെയും ആംഗ്യങ്ങളിലൂടെയും ഡാൻസും മറ്റു വിഷയങ്ങളുമെല്ലാം മകളെ വീണ്ടും വീണ്ടും പഠിപ്പിക്കുന്നതും ഫൗസിയ തന്നെ.

ഹയർ സെക്കൻഡറി ആൺകുട്ടികളുടെ ഓട്ടൻതുള്ളലിൽ എ ഗ്രേഡ് നേടിയ ആർ.എൻ. അമീൻ. (മമ്പറം എച്ച്എസ്എസ്)

ഹൈസ്കൂൾ വിഭാഗം സംഘനൃത്തത്തിൽ എ ഗ്രേഡ് നേടിയ കണ്ണൂർ മട്ടന്നൂർ എച്ച്എസ്എസ് സംഘം.

കാസ്രോട് കുഞ്ഞപ്പൻ

അപ്പീലുകൾ കൂടുതലായി എത്തുന്നത് വിമാനമാർഗം. വരുന്നതുകാത്ത് സമ്മർദത്തോടെ രക്ഷിതാക്കൾ



വൈബ്രേറ്റിങ് മോഡോ...? ഫ്ലൈറ്റ് മോഡോ...?

റൺവേ നിറയെ അപ്പീൽ ലാൻഡിങ്

കാഞ്ഞങ്ങാട് ● കലോത്സവം കേരളത്തിന്റെ വടക്കേ അറ്റത്തായപ്പോൾ താരമായതു വിമാനം തന്നെ. കലോത്സവത്തിനുള്ള അപ്പീലുകൾ എത്തിക്കുന്നതിന് വിമാനത്തെയാണ് പലരും കൂടുതലായും ആശ്രയിച്ചത്. കണ്ണൂരിൽ വിമാനത്താവളം വന്നത് ശരിക്കും രക്ഷയായത് അപ്പീലുമായി മത്സരവേദി കയറിയ കുട്ടികളുടെ രക്ഷിതാക്കൾക്കാണ്. തിരുവനന്തപുരത്തു നിന്നു ട്രെയിൻ മാർഗം അപ്പീൽ എത്തിച്ചു കുട്ടികളെ വേദിയിൽ കയറ്റാൻ പറ്റില്ല എന്നിരിക്കെ പലരും വിമാനം വഴി അപ്പീൽ എത്തിക്കുകയായിരുന്നു.

ഇന്നലെ വൈകിട്ട് 5 വരെ 534 അപ്പീൽ എത്തിയതിൽ 90 എണ്ണം വിമാനം വഴി വന്നപ്പോൾ, 181 എണ്ണമാണ് ട്രെയിൻ മാർഗം എത്തിയത്. അപ്പീൽ അനുവദിച്ചുള്ള ഉത്തരവ് ടൈപ്പ് ചെയ്ത് മത്സരം അവസാനിക്കും മുൻപു പോലും ട്രെയിൻ വഴി എത്തിക്കാനാവില്ല എന്ന സാഹചര്യത്തിലാണു വിമാനം തിരഞ്ഞെടുക്കുന്നത്.

റിപ്പോർട്ടുകൾ:

പി. ചന്ദ്രമോഹൻ
മണികണ്ഠൻ പാലിച്ചിയടുക്കം
കെ.എസ്. ഹരി
ചന്ദ്രദാസ് തൃക്കരിപ്പൂർ
സുധീരൻ മയിച്ച
കെ. ബാബു
ശ്യാം ബാബു വെള്ളിക്കോത്ത്
രവീന്ദ്രൻ കൊട്ടോടി
പ്രസന്നൻ കാരിയിൽ
കെ.ആർ. സാനു
പി.ഡി. വിനോദ്

ഹൈസ്കൂൾ വിഭാഗം നാടക മത്സരത്തിൽ മികച്ച നടനായ ശ്രീരാഗ്, സാഹിത്യകാരൻ അംബികാസുതൻ മാങ്ങാടിനൊപ്പം.

ഈ കൂടിക്കാഴ്ചയ്ക്ക് വരിക്കച്ചക്കമധുരം

കാഞ്ഞങ്ങാട് ● തന്നെ മികച്ച നടനാക്കിയ എഴുത്തുകാരനെ തേടി വിദ്യാർഥിയെത്തി. തന്റെ കഥ പറഞ്ഞു മികച്ച നടനായ വിദ്യാർഥിയെ കണ്ടു കഥാകാരനും സന്തോഷം. മേലാങ്കോട്ട് എ.സി. കണ്ണൻ നായർ സ്മാരക പാർക്കിലാണ് അപൂർവ സംഗമം നടന്നത്. ഹൈസ്കൂൾ വിഭാഗം നാടക മത്സരത്തിൽ മികച്ച നടനായ ശ്രീരാഗാണു എഴുത്തുകാരൻ അംബികാസുതൻ മാങ്ങാടിനെ തേടിയെത്തിയത്. അംബികാസുതൻ മാങ്ങാടിന്റെ ‘വരിക്കച്ചക്കയുടെ മണം’ എന്ന കഥയാണു വയനാട് എംജിഎം ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾ ‘വരിക്കച്ചക്ക’എന്ന പേരിൽ നാടകമായി അവതരിപ്പിച്ചത്. നാടകത്തിനു എ ഗ്രേഡ് കിട്ടി. പൂർണമായി കാസർകോടൻ ഭാഷയിൽ രചിച്ച കഥയാണു വരിക്കച്ചക്കയുടെ മണം. തിരക്കേറിയ ലോകത്ത് ഓടിയെത്താൻ കഴിയാത്ത സാധാരണക്കാരന്റെ ജീവിതമാണു നാടകത്തിലൂടെ അവതരിപ്പിച്ചത്. രാജേഷ് കീഴത്തൂരാണു നാടകം സംവിധാനം ചെയ്തത്. ശ്രീരാഗിനൊപ്പം ഇദ്ദേഹവും കഥാകൃത്തിനെ കാണാനെത്തി.

രബിൻ രാജ് മത്സരശേഷം ഗുരു ശിവദാസനും അച്ഛൻ രാജനുമൊപ്പം.

വിജയച്ചുവടുകൾ കൊണ്ട് നന്ദി പറഞ്ഞ് രബിൻ

രബിൻ രാജ് നൃത്ത മത്സരത്തിനെത്തിയത് സുമനസ്സുകളുടെ സഹായത്താൽ

കാഞ്ഞങ്ങാട് ● കർട്ടനുയർന്ന നിമിഷം കടലോളം ചിന്തകൾ രബിതിന്റെ മനസ്സിലൂടെ കടന്നുപോയിട്ടുണ്ടാകും. സാമ്പത്തിക പ്രയാസത്തെത്തുടർന്നു നൃത്തപഠനം നേരത്തെ അവസാനിപ്പിച്ച സഹോദരിമാർ, കൂലിപ്പണിക്കാരനായ അച്ഛൻ, എല്ലാ പിന്തുണയുമായി ഒപ്പമുള്ള ഗുരു, സംസ്ഥാന വേദിയിലെത്താൻ സാമ്പത്തികമായി സഹായിച്ചവർ... പ്രതീക്ഷകൾ അസ്തമിച്ചെന്നു കരുതിയ സമയത്തു തുണച്ചവരെ രബിൻ മറന്നില്ല. അരങ്ങിൽ നിറഞ്ഞാടിയ അവന്റെ ചുവടുകൾ പിന്തുണച്ചവർക്കുള്ള നന്ദി പ്രകടനമായിരുന്നു. ഒപ്പം, സഹോദരി കഴിഞ്ഞയാഴ്ച ജന്മം നൽകിയ കണ്മണിക്കുള്ള സ്നേഹവും.

മലപ്പുറം കിഴിശ്ശേരി ചീക്കോട് കെകെഎച്ച്എസ്എസിലെ പ്ലസ് ടു വിദ്യാർഥിയാണു രബിൻ രാജ്. സാമ്പത്തിക പ്രയാസത്തെത്തുടർന്നു ജില്ലാ കലോത്സവത്തിൽ പങ്കെടുക്കാനാകുമോ എന്ന് ആശങ്കപ്പെട്ട സമയത്ത് ഗുരു മഞ്ചേരി ശിവദാസനാണു കൈത്താങ്ങായത്. മൂന്നിനങ്ങളിൽ (കേരള നടനം, ഭരതനാട്യം, കുച്ചിപ്പുഡി) ഒന്നാമതെത്തുകയും ചെയ്തു. ഇനി മത്സരിക്കാനില്ല എന്നു തീരുമാനിച്ചു. സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കാനാവില്ല എന്നുറപ്പിച്ച നേരം തുണയ്ക്കെത്തിയതു വളപുരം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന പിഎംബി സിൻഡിക്കറ്റ് ചാരിറ്റബിൾ ട്രസ്റ്റാണ്. രക്ഷാധികാരികളായ പാർവതി അന്തർജനം, ഞാളൂർ രാധ അമ്മ എന്നിവരാണു സാമ്പത്തിക സഹായമെത്തിച്ചത്. രബിതിൻെറ അച്ഛൻ ഭഗവതി തിറ കലാകാരനാണ്. അമ്മ ബിന്ദു തൊഴിലുറപ്പു ജോലി ചെയ്യുന്നു.

എന്തിനാണു നിങ്ങളവരുടെ അടുപ്പ് ഊതിയണച്ചത്...?

കലോത്സവ നാളുകളിൽ കാഞ്ഞങ്ങാട് നഗരസഭയിലെ തട്ടുകടകൾ തുറക്കരുതെന്നാണു കലക്ടറുടെ ഉത്തരവ്. അന്നന്നത്തെ ഉപജീവനത്തിനു മാർഗം കണ്ടെത്തിയ അവർ ഈ ഉത്സവത്തിനു വേണ്ടി അവരുടെ സന്തോഷം മാറ്റിവയ്ക്കുന്നു. തട്ടുകടക്കാരെക്കുറിച്ചു മലയാള മനോരമയ്ക്കു വേണ്ടി കുറിക്കുകയാണ് എച്ച്എസ് കഥാരചനയിൽ എ ഗ്രേഡ് നേടിയ കാസർകോട്ടെ കഥാകാരി തച്ചങ്ങാട് ജിഎച്ച്എസിലെ പത്താം ക്ലാസ് വിദ്യാർഥി പി. വർഷ

അവർ ആ വണ്ടി ഉന്തി നടക്കുന്ന നഗരത്തിലൂടെയാണു ഞാൻ ഇന്നു കാഴ്ചകൾ കണ്ടു നടന്നത്. അവർക്കു വിശപ്പു മാറ്റാൻ ആ വണ്ടികൾ വേണമായിരുന്നു. സ്വന്തം കുഞ്ഞിന് ഒരുടുപ്പു വാങ്ങാൻ, കുഞ്ഞിന് ഇഷ്ടപ്പെട്ട സിനിമ കാണാൻ ആ വണ്ടികൾ ഉന്തണം. അതിൽനിന്ന് ഉയരുന്ന കരിയും പുകയും അവരുടെ ജീവിതത്തിനു നിറം പകർന്നിരുന്നു. ആ പുകയായിരുന്നു അവരുടെ ശ്വാസം. പക്ഷേ, ആ വണ്ടികൾ ഇന്നു റോഡിനു വശത്തില്ല. വർണാഭമായ വേദികളിൽ തിരുവാതിരക്കളിയുടെ ശീലുകൾ, മോഹിനിയാട്ടത്തിന്റെ ലാസ്യഭാവങ്ങൾ, ഭരതനാട്യത്തിന്റെ വശ്യത, ഒപ്പന മണവാട്ടിമാരുടെ ചന്തം, മാർഗംകളിയുടെ ചുവടുകൾ... എല്ലാം കാണാം, കേൾക്കാം. പക്ഷേ, എന്നും കാണുമായിരുന്ന ആ ഉന്തുവണ്ടികൾ എവിടെയുമില്ല. ചിലർ അവരുടെ വണ്ടിയുമായി തൊട്ടടുത്ത നാട്ടിലേക്കു പോയി. അവരുടെ അടുപ്പിലെ തീ അണയ്ക്കേണ്ടിയിരുന്നോ? കണ്ണുകളിൽ വർണം നിറയുമ്പോൾ നമ്മൾ ആരെയൊക്കെയാണു കാണാതെ പോകുന്നത്...?

അന്നു താരം, ഇന്നു കാണി

ജാനറ്റ് ജയിംസ്

കാഞ്ഞങ്ങാട് ● ഒരു കാലത്തു തന്റെ സ്ഥിരം മത്സരയിനമായിരുന്ന ഭരതനാട്യത്തിന്റെ വേദിയിൽ ജാനറ്റ് ജയിംസെത്തി, കാണിയായി. 2007, 2008 സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ വ്യക്തിഗത പ്രതിഭയായിരുന്നു കണ്ണൂർ തളിപ്പറമ്പ് സ്വദേശി ജാനറ്റ്. ഇപ്പോൾ ചെന്നൈ അടയാർ മ്യൂസിക് കോളജിൽ പിഎച്ച്ഡി ചെയ്യുന്ന ജാനറ്റ് അവധിക്കു വീട്ടിലെത്തിയപ്പോൾ തൊട്ടടുത്ത ജില്ലയിൽ കലോത്സവം നടക്കുന്നത് അറിഞ്ഞാണ് അമ്മയ്ക്കൊപ്പം എത്തിയത്.

രാവിലെ വേദിയിലെത്തിയ ജാനറ്റ് ഭരതനാട്യ മത്സരം പൂർത്തിയായ ശേഷമാണു വേദി വിട്ടത്. മത്സരങ്ങൾ കണ്ടുതീർത്ത ശേഷം പഴയ കലോത്സവ ഓർമകൾ പങ്കിടാനും മറന്നില്ല. സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ ഭരതനാട്യവും മോണോ ആക്ടുമായിരുന്നു ജാനറ്റിന്റെ പ്രധാന ഇനങ്ങൾ.പരിചയപ്പെടാൻ എത്തിയവർക്കൊപ്പം സെൽഫി എടുക്കാനും ജാനറ്റ് മറന്നില്ല. തുടർന്ന് അമ്മയ്ക്കൊപ്പം കുച്ചിപ്പുഡി വേദിയിലേക്ക്.